LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എഫ്.എസ്.എസ്.എ. 2006 പ്രകാരം മായം ചേർക്കലും കൃത്രിമം കണ്ടുപിടിക്കുന്നതിനുമുള്ള സംവിധാനം ഭക്ഷ്യ വകുപ്പിനുകീഴിലുള്ള സി.എഫ്.ആർ.ഡി.-യിലുണ്ട്. സംസ്ഥാന വ്യാപകമായി പരിശോധന നടത്തി ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുന്നതുൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ എല്ലാ ജില്ലകളിലും അസിസ്റ്റന്റ് കമ്മീഷണർ ഓഫ് ഫുഡ് സേഫ്റ്റിയും, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ഇന്റലിജൻസ് സ്ക്വാഡുകളും, കൂടാതെ നിയോജക മണ്ഡലാടിസ്ഥാനത്തിൽ 140 ഭക്ഷ്യ സുരക്ഷാ ഓഫീസുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ശേഖരിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ പരിശോധിക്കുന്നതിനായി ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ അനലറ്റിക്കൽ ലാബുകളും പ്രവർത്തിക്കുന്നുണ്ട്.

(ബി) സി.എഫ്.ആർ.ഡി.-യിലുള്ള സംവിധാനങ്ങൾ മുഖേന 2014-15-ൽ നാളിതുവരെ 1642 സാമ്പിളുകൾ പരിശോധിക്കുകയും അതിൽ 51 സാമ്പിളുകൾ പോരായ്മകൾ ഉണ്ടെന്ന് കണ്ടെത്തി ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിലുള്ള ഓഫീസുകൾ മുഖാന്തിരം 2278 സ്റ്റാറ്റ്യൂട്ടറി ഭക്ഷ്യ സാമ്പിളുകൾ പരിശോധിക്കുകയും 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരം 2014-15 വർഷത്തിൽ ഇതിനകം 158 കേസ്സുകൾ എടുക്കുകയും ചെയ്തിട്ടുണ്ട്.

ഉപഭോക്തൃ സംരക്ഷണ നിയമപ്രകാരം പിടിക്കപ്പെട്ട കേസ്സുകൾ

205 (4837) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്തൃ സംരക്ഷണ നിയമപ്രകാരം ഈ സർക്കാർ കാലയളവിൽ പിടിക്കപ്പെട്ട കേസ്സുകൾ എത്രയാണെന്നും അവയിൽ എത്ര കേസുകളിൽ കുറ്റവാളികൾ ശിക്ഷിക്കപ്പെട്ടു എന്നും വ്യക്തമാക്കുമോ;

(ബി) ഉപഭോക്താവിന് ലഭിക്കുന്ന സേവനങ്ങളും വസ്തുക്കളും കുറ്റമറ്റതാക്കുവാനും ന്യായമാക്കുവാനും എന്തെല്ലാം മുൻകരുതലുകൾ എടുത്തിട്ടുണ്ടെന്ന് പറയുമോ;

(സി) ഉപഭോക്താവ് വാങ്ങുന്ന വസ്തുക്കൾ മായം കലർന്നവയെന്നോ അന്യായ വില ചുമത്തപ്പെട്ടതെന്നോ കൃത്യമായ അളവില്ലാത്തതെന്നോ അതുപോലെ സേവനങ്ങൾ ശരിയായ രീതിയിൽ ലഭിക്കുന്നില്ലായെന്നോ ബോധ്യപ്പെട്ടാൽ പ്രസ്തുത അവസ്ഥയിൽ അടിയന്തര പരിഹാരം ഉണ്ടാക്കുവാൻ ബന്ധപ്പെടാവുന്ന ഒരു ടോൾ ഫ്രീ നമ്പർ ലഭിക്കുമോ; ഇത്തരം പരാതികളിൽ അടിയന്തര നടപടി സ്വീകരിയ്ക്കാൻ സംവിധാനം ഒരുക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ കാലയളവിൽ ഉപഭോക്തൃ സംരക്ഷണ നിയമപ്രകാരം സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലും ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലുമായി ആകെ 22280 കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടുകയും അതിൽ 9967 കേസ്സുകളിൽ ഉപഭോക്താവിന് അനുകൂലമായി വിധി നിർണ്ണയിക്കപ്പെട്ടുകയോ/ കുറ്റവാളികൾ ശിക്ഷിക്കപ്പെട്ടുകയോ ചെയ്തിട്ടുണ്ട്.

(ബി) ഉപഭോക്താവിന് ലഭ്യമാകുന്ന സേവനങ്ങളും വസ്തുക്കളും കുറ്റമറ്റതാക്കുവാനും ന്യായമാക്കുവാനും വിവരാവകാശനിയമം, സേവനാവകാശ നിയമം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ഇത് പ്രാബല്യത്തിൽ വരുത്തുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥന് പിഴ ചുമത്തുന്നതുൾപ്പെടെയുള്ള ശിക്ഷാനടപടികൾ നിലവിലുണ്ട്. കൂടാതെ ഉപഭോക്താവ് കബളിപ്പിക്കപ്പെട്ടാൽ സംസ്ഥാനത്ത് 14 ജില്ലകളിലും പ്രവർത്തിച്ച് വരുന്ന ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങൾ മുഖേന 20 ലക്ഷം രൂപ വരെയുള്ളതും 20 ലക്ഷത്തിനുമുകളിൽ 1 കോടി രൂപവരെ സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലും അതിന് മുകളിൽ വരുന്നവ ദേശീയ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ മുഖേനയും നഷ്ടപരിഹാരം നേടുവാൻ കഴിയുന്നതാണ്.

(സി) ഉപഭോക്തൃ പരാതികളെക്കുറിച്ച് സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട 1800-425-1550 എന്ന ടോൾ ഫ്രീ നമ്പരും ഉപഭോക്താവ് വാങ്ങുന്ന ആഹാര പദാർത്ഥങ്ങളിൽ ആഹാരയോഗ്യമല്ലാത്തതും മായം കലർന്നതുമായി ബന്ധപ്പെട്ട പരാതികൾ അറിയിക്കുന്നതിന് ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിൽ 1800-425-1125 എന്ന ടോൾ ഫ്രീ നമ്പരും നിലവിലുണ്ട്. ഈ നമ്പരുകളിൽ വരുന്ന പരാതികളിന്മേൽ 5 ദിവസത്തിനകം പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly